**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 419** **30-01-2024 - ൽ മറുപടിയ്ക്ക്**

**പത്തിരിപ്പാല സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് മുഖേന നടപ്പിലാക്കുന്നതും കിറ്റ്കോ നിർവ്വഹണ ഏജൻസിയായിട്ടുമുള്ള കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിവരം ലഭ്യമാക്കാമോ; | (എ) | കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണ പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 28/04/2018-ലെ സ.ഉ (സാധാ) നം.847/2018/ഉ.വി.വ പ്രകാരം ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണ ഏജൻസിയായി (എസ്.പി.വി) കൈറ്റിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പിന്നീട്, കൈറ്റിനു പകരം കിറ്റ്കോ-യെ എസ്.പി.വി ആക്കിക്കൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി കിറ്റ്കോ സമർപ്പിച്ച വിശദമായ പദ്ധതി രേഖ കിഫ്ബി പരിശോധിക്കുകയും 30/10/2020-ലെ HED007-36/APR-6/2020/KIIFB ഉത്തരവ് പ്രകാരം 10,15,53,109/- രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിരുന്നു. അതിനു ശേഷം ഡി.എസ്.ആർ, GRIHA, KMBR 2019 എന്നിവ ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് എസ്.പി.വി. അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച് 30/03/2023-ലെ HED007-36/APR-4/2023/KIIFB നമ്പർ ഉത്തരവ് പ്രകാരം 13,56,28,769/- രൂപയുടെ പുതുക്കിയ ധനാനുമതി കിഫ്ബി നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിക്കായി എസ്.പി.വി. ആയ കിറ്റ്കോ നിലവിൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കിഫ്ബി നൽകുന്ന ധനാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതി ആരംഭിക്കുന്നതിനു മുന്നോടിയായിട്ടുള്ള സാങ്കേതിക അനുമതി നൽകുക, ടെണ്ടർ ക്ഷണിക്കുക, പ്രവൃത്തി അവാർഡ് ചെയ്യുക തുടങ്ങി പദ്ധതി യഥാസമയം പൂർത്തീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടത് എസ്.പി.വി ആയ കിറ്റ്കോ ആണ്. |

| | | | |
|---|---|---|---|
| | | | ഇതിലേയ്ക്ക് ആവശ്യമായ നടപടികൾ എസ്.പി.വി സ്വീകരിച്ചുവരുന്നു. |
| (സി) | ടെൻഡർ നടപടികൾ പൂർത്തീകരിച്ച പ്രവൃത്തി ആരംഭിക്കുന്നതിനു എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ? | (സി) | കിഫ്ബി നൽകുന്ന ധനാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, മേൽ പദ്ധതിക്കായി 11,41,83,083.97 രൂപയുടെ സാങ്കേതിക അനുമതി എസ്.പി.വി നൽകുകയും ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. തദനുസരണം ലഭ്യമാകുന്ന price bids പരിശോധിച്ച ശേഷം സാങ്കേതിക അനുമതി നൽകുന്ന കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി സ്വീകരിച്ചുവരുന്നു. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് കോൺട്രാക്ടർക്ക് പ്രവൃത്തി അവാർഡ് ചെയ്ത് പദ്ധതി യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എസ്.പി.വിയ്ക്ക് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ